# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1563 22.03.2013 ലെ മറുപടിക്ക്

## ത്രിതല പഞ്ചായത്തുകളുടെ സേവനം മെച്ചപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. യു. കുരുവിള: | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ) |

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ജീവനക്കാരെ ഉൾപ്പെടെ എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകളിലൂടെ ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ പുതുതായി ഏർപ്പെടുത്തി എന്ന് വ്യക്തമാക്കുമോ?

(എ) യും (ബി) യും

പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളിൽ 1854 തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ക്ലാർക്ക് | 990 |
| അസിസ്റ്റന്റ് സെക്രട്ടറി | 864 |

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ 529 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

| | |
|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 65 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 203 |
| ഒന്നാം ഗ്രേഡ് ഓവർസീയർ | 50 |
| രണ്ടാം ഗ്രേഡ് ഓവർസീയർ | 26 |
| മൂന്നാം ഗ്രേഡ് ഓവർസീയർ | 185 |

കൂടാതെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ടാഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ യഥാസമയവും, കാര്യക്ഷമവുമായും നൽകുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ഗ്രാമ പഞ്ചായത്തുകളിൽ ഐ.കെ. എം.ന്റെ നേതൃത്വത്തിൽ കമ്പ്യൂട്ടർ വൽക്കരണം നടന്നു വരുന്നു. ബ്ലോക്കു പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സേവനാവകാശ നിയമം 3-ാം വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ റവന്യൂ അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ചതുവഴി അതത് ദിവസത്തെ സാമ്പത്തിക സ്ഥിതിയും ചെലവ് വിവരങ്ങളും ആസ്തി ബാദ്ധ്യതാ വിവരങ്ങളും കൃത്യമായി പരിശോധിച്ച് തിട്ടപ്പെടുത്തുന്നുണ്ട്. കൂടാതെ സാംഖ്യ, സുലേഖ തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം ഫല

പ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നുണ്ട്. അതിലൂടെ ഗ്രാമ പഞ്ചായത്തുകളിലെ ഫണ്ടുകൾ വിനിയോഗിക്കുന്നതിന് കൃത്യത യും സുതാര്യതയും കൈവരു ത്താൻ കഴിയുമെന്ന് പ്രത്യാശിക്കു ന്നു.

സെക്ഷൻ ഓഫീസർ